# തിരുവിതാംകൂർ ദേവസ്വം ബോർഡ്

അസിസ്റ്റന്റ് എഞ്ചിനീയർ ആഫീസ്

ആലുവ

## ലേലപ്പരസ്യം

തിരുവതാംകൂർ ദേവസ്വം ബോർഡിൻറെ കോട്ടയം ഡിവിഷനു കീഴിലുള്ള ആലുവ അസിസ്റ്റന്റ് എഞ്ചിനീയർ ആഫിസിനോട് ചേർന്നുള്ള ദ്വാരക ഗസ്റ്റ് ഹൗസിന് സമീപത്ത് പുഴക്കഭിമുഖമായി സ്ഥിതി ചെയ്യുന്ന വാക മരം നിലവിലുള്ള അവസ്ഥയിൽ മുറിച്ചു കൊണ്ടുപോകുന്നതിനുള്ള പരസ്യമായ ലേലം **19/02/2025** ആം തിയ്യതി ബുധനാഴ്ച പകൽ **11 30** മണിക്ക് മേൽപ്പടി ഗസ്റ്റ് ഹൗസിൽ വച്ച് ചെയ്യുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. ലേലത്തിന് പങ്കെടുക്കണമെന്നുള്ളവർ ലേല സമയത്ത് ടി സ്ഥലത്ത് ഹാജരായി **500** രൂപ നിരതദ്രവ്യം കെട്ടിവച്ച് ലേലത്തിൽ പങ്കു കൊള്ളേണ്ടതും ടി വ്യക്തി ആധാർ കാർഡ് കയ്യിൽ കരുതേണ്ടതുമാണ്.

മുദ്രവച്ച ക്വട്ടേഷനുകൾ സമർപ്പിക്കാനാഗ്രഹിക്കുന്നവർ **18/02/2025** വൈകുന്നേരം **4** മണിക്ക് മുൻപ് ആലുവ അസിസ്റ്റന്റ് എഞ്ചിനീയർ ആഫീസിൽ ലഭിക്കത്തക്കവിധത്തിൽ സ്പീഡ് പോസ്റ്റിലോ രജിസ്ട്രേഡ് പോസ്റ്റിലോ തിരുവിതാംകൂർ ദേവസ്വം ബോർഡ് കോട്ടയം എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ പ്ലെഡ്ജ് ചെയ്ത **500** രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് (നിരതദ്രവ്യം), GST സർട്ടിഫിക്കറ്റ്, ആധാർ കാർഡിന്റെ കാർഡിന്റെ പകർപ്പ്, പാൻ കാർഡിന്റെ പകർപ്പ് ഉൾപ്പെടെ അയക്കേണ്ടതാണ്. ക്വട്ടേഷനുകൾ സമർപ്പിക്കുന്ന കവറിന്റെ പുറത്തു " ആലുവ അസിസ്റ്റന്റ് എഞ്ചിനീയർ ആഫിസിനോട് ചേർന്നുള്ള ദ്വാരക ഗസ്റ്റ് ഹൗസിലെ വാക മരം മുറിച്ചുകൊണ്ടുപോകുന്നതിനുള്ള ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷനുകൾ സമർപ്പിക്കുന്നവർ ലേല ദിവസം 11.30 നു ലേല സ്ഥലത്തു ഹാജരാകേണ്ടതും, പരസ്യ ലേലത്തിനുശേഷം ടി ക്വട്ടേഷനുകൾ വ്യക്തികളുടെ സാന്നിധ്യത്തിൽ തുറന്നു പരിശോധിക്കുന്നതാണ്.

കൂടുതൽ തുകയ്ക്ക് ലേലം/ക്വട്ടേഷൻ വിളിക്കുന്നയാൾ നിരതദ്രവ്യം ഉൾപ്പെടെ മുഴുവൻ ലേലത്തുകയും **18 % GST** യും ഉടനടി കെട്ടിവക്കേണ്ടതാണ്. ലേലത്തിൽ പങ്കെടുത്ത ബാക്കിയാളുകളുടെ നിരത ദ്രവ്യം ലേലം അവസാനിക്കുന്ന മുറക്ക് തിരികെ നൽകുന്നതാണ്. ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന ആളിൻറെ പേരിൽ ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതും ഡിപ്പാർട്ട്മെന്റിൽ നിന്നും അന്തിമ അനുവാദം ലേലം കൊണ്ട വ്യക്തിക്ക് ലഭിച്ച 5 ദിവസത്തിനുള്ളിൽ, സ്വന്തം ഉത്തരവാദിത്വത്തിൽ ടി സ്ഥലത്തെ വസ്തു വകകൾക്കു കേടുപാടുകൾ സംഭവിക്കാത്ത വിധത്തിലും ടി മരം വെട്ടി മാറ്റുന്ന സമയം വസ്തുവകകൾക്കു എന്തെങ്കിലും കേടുപാടുകൾ സംഭവിക്കുകയാണെങ്കിൽ ടി ലേലം കൊള്ളുന്ന ആളുടെ പൂർണ്ണ ചെലവിലും ഉത്തരവാദിത്വത്തിലും ആയതു പൂർവ സ്ഥിതി ആക്കി നല്കികൊള്ളാമെന്നുള്ള വ്യവസ്ഥയിൽ 200 രൂപ മുദ്രപത്രത്തിൽ എഗ്രിമെൻറ് വച്ച് **10** ദിവസത്തിനകം ടി മരം സ്വന്തം ചിലവിൽ പൂർണമായി മുറിച്ചു കൊണ്ടുപോകേണ്ടതാണ്.

ലേലത്തെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് ആലുവ അസിസ്റ്റന്റ് എൻജിനീയറുടെ കാര്യാലയത്തിൽ നിന്ന്പ്രവർത്തി ദിവസങ്ങളിൽ ആഫീസ് സമയത്തു അറിയാവുന്നതാണ്. തിരുവിതാംകൂർദേവസ്വം ബോർഡിൽ നിലവിലുള്ള ചട്ടങ്ങൾ ഈ ലേലത്തിനും ബാധകമായിരിക്കും. ലേലം സ്ഥിരപ്പെടുത്തിയതിനു ശേഷം ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ഡിപ്പാർട്മെന്റ്
ഉത്തരവാദിയായിരിക്കുന്നതല്ല.

നിശ്ചിത സമയത്തിനുള്ളിൽ ലേലം കൊണ്ട വാക മരം മുറിച്ചു മാറ്റിയില്ലെങ്കിൽ ലേലത്തുക മുഴുവനായും ഡിപ്പാർട്മെന്റിലേക്കു മുതൽക്കൂട്ടി തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.ലേലംസ്ഥിരപ്പെടുത്തുന്നതിനും നിരാകരിക്കുന്നതിനുമുള്ള പൂർണമായ അധികാരം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരിക്കും

വിശ്വസ്തതയോടെ,

ആലുവ
11/02/2025

sd/-

അസിസ്റ്റൻറ് എഞ്ചിനീയർ

ആലുവ

ഫോൺ നമ്പർ :അസി : എഞ്ചിനീയർ- 9207362917